പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3347

08-11-2019-ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

**ചോദ്യം**

ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ തേങ്കുറിശ്ശി പഞ്ചായത്തിലുള്ള 'തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്റർ' ആണ് നിലവിലുള്ളത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതിയതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതിയതായി അഗ്രോ സർവ്വീസ് സെന്റർ, 2017-2018-ൽ അനുവദിച്ചത്. തേങ്കുറിശ്ശി പഞ്ചായത്തിലുള്ള 'തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്ററാണത്'. |
| (സി) | പുതിയതായി അനുവദിച്ച സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (സി) | ആലത്തൂർ നിയോജകമണ്ഡലത്തിലുള്ള 'തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്ററിന്'' 22 ലക്ഷം രൂപ കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനും, 2 ലക്ഷം രൂപ ഓഫീസിനും, 3 ലക്ഷം രൂപ റിവോൾവിങ് ഫണ്ടായും, 3.10 ലക്ഷം രൂപ പരിശീലനത്തിനും, 1.90 ലക്ഷം രൂപ പ്രവർത്തനഫണ്ടായും നൽകിയിട്ടുണ്ട്. നിലവിൽ തേങ്കുറിശ്ശി അഗ്രോ സർവ്വീസ് സെന്ററിൽ ഏഴ് സേവനദായകരാണുള്ളത്. പുതുതായി അനുവദിച്ച ഈ അഗ്രോ സർവ്വീസ് സെന്റർ അംഗങ്ങൾക്കാവശ്യമായ പരിശീലനം ഇതിനകം നൽകിയിട്ടുണ്ട്. അതുപോലെ ട്രാക്ടർ, നടീൽ യന്ത്രം എന്നിവയും ഈ അഗ്രോ സർവ്വീസ് സെന്ററിന് നൽകിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽ വരുന്ന ഉഴവ്, നടീൽ തുടങ്ങിയ പണികൾ ഇത് ഉപയോഗിച്ച് നടത്തിവരുന്നു. അഗ്രോ സർവ്വീസ് സെന്ററിന് വേണ്ടിയുള്ള ഓഫീസ് കെട്ടിടം, യന്ത്രങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ